Malayalam

# ദൈവപുത്രൻ - നമുക്കുവേണ്ടി ജനിച്ച രക്ഷകൻ

## ഇടയലേഖനം

2025 ലെ വലിയനോമ്പിലേക്കായി

ലിംബുർഗ് രൂപതാധ്യക്ഷൻ ബിഷപ്പ് ഡോ.ജോർജ്ജ് ബേറ്റ്സിങ് എഴുതുന്നത്.

## „ഇവൻ എൻ്റെ പ്രിയപുത്രൻ; ഇവൻ്റെ വാക്കുകൾ ശ്രവിക്കുവിൻ “ (ലൂക്കാ 9:35)

ഈശോയിൽ പ്രിയ സഹോദരങ്ങളേ,
തൻ്റെ അസ്തിത്വം / അന്തസത്ത അറിയുന്നവർക്ക് വളരാനും, വെല്ലുവിളികളെ അതിജീവിക്കാനും കഴിയും. ഇത് ഭൗതിക ജീവിതത്തിലും വിശ്വാസജീവിതത്തിലും ഒരുപോലെയാണ്.
ഇന്നേയ്ക്ക് 1,700 വർഷം മുമ്പ് ആധികാരികമായി രൂപം കൊണ്ടതും, പിന്നീട് ക്രിസ്തീയ വിശ്വാസത്തിൻ്റെ മൂലസ്തംഭമായിമാറി, ക്രിസ്തീയ സഭകൾക്കും, വിശ്വാസസമൂഹത്തിനും ഒരു ആത്മീയ ഉറവിടവുമായ വിശ്വാസപ്രഘോഷണത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ഞാൻ ഈ ഇടയലേഖനത്തിലൂടെ ക്ഷണിക്കുകയാണ്.
ഈ വലിയ വിശ്വാസപ്രഘോഷണത്തിൻ്റെ പാഠം നിങ്ങൾക്ക് ഗോട്ടെസ് ലോബിലെ (586.2) ൽ ജർമ്മൻ, ലാറ്റിൻ ഭാഷകളിൽ ലഭ്യമാണ്.
ഒന്നാമതായി നൈസയൻ വിശ്വാസപ്രമാണം (Nicene Creed), അതിൻ്റെ ചരിത്രപരമായ ഉത്ഭവംമൂലം ഗ്രീക്ക് ഭാഷയിൽ എഴുതപ്പെടാൻ കാരണമായി . ക്രിസ്തുവിൻ്റെ ദൈവത്വത്തെക്കുറിച്ചുള്ള ബഹുസ്വരമായ അഭിപ്രായങ്ങൾക്ക് ഒടുവിൽ, എ).ഡി. 325-ൽ ചേർന്ന നൈസയൻ കൗൺസിൽ (Council of Nicaea) ഈ വിശ്വാസപ്രഖ്യാപനത്തിൻ്റെ ആദ്യരൂപം തയ്യാറാക്കി. പിന്നീട്, എ).ഡി. 381-ൽ കോൺസ്റ്റാൻ്റിനോപ്പിൾ കൗൺസിൽ (Council of Constantinople) അതിന് കൂടുതൽ വ്യക്തതയും രൂപവും നൽകുകയും ചെയ്തു. ഇന്നിതു ക്രിസ്ത്യൻ സഭകളെ ഒന്നിച്ചു നിർത്തുന്ന ഒരു ശക്തമായ

പാതയാകുന്നു. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മനസിലാക്കി, “ദൈവത്തിന്റെ പരിശുദ്ധ പുത്രൻ” എന്നു വിളിക്കപ്പെട്ട യേശുക്രിസ്തുവിന്റെ വാക്കുകൾക്ക് കാതോർക്കാം , അങ്ങനെ ആനന്ദവും സത്യവും നിറഞ്ഞ ഒരു ആത്മീയ ജീവിതത്തിലേക്കു നമുക്ക് മുന്നേറാം.

## കോൺസ്റ്റന്റൈയിന്റെ മതപരിവർത്തനത്തിനുശേഷമുള്ള ഏകീകരണ ശ്രമങ്ങൾ

റോമൻ ചക്രവർത്തിയായിരുന്ന, മഹാനായ കോസ്റ്റന്റൈൻ ആദ്യമായി ക്രൈസ്തവവിശ്വാസം ഏറ്റുപറഞ്ഞ്, എ .ഡി 313 -ലെ മിലാൻ ഉടമ്പടിയിലൂടെ ക്രൈസ്തവ വിശ്വാസത്തെ പിന്തുണച്ചു. അങ്ങനെ ക്രൈസ്തവരോടുള്ള നീണ്ടുനിന്ന പീഡനങ്ങൾ അവസാനിപ്പിക്കുകയും, സഭയ്ക്ക് സാമ്പത്തിക സഹായം നൽകുകയും, ബിഷപ്പുമാരുടെ സ്ഥാനത്തെ ശക്തിപ്പെടുത്തുകയും ചെയ്തു. അതേസമയം, ഈ നടപടികൾ കേവലം മതപരമായ ലക്ഷ്യങ്ങൾ മാത്രം മായിരുന്നില്ല. മറിച്ച് ഒരു ഏകീകൃത സഭയിലൂടെ ചക്രവർത്തി രാജ്യത്തിന്റെ രാഷ്ട്രീയ സ്ഥിരത സംരക്ഷിക്കാനാഗ്രഹിച്ചു. എന്നാൽ, ക്രിസ്തീയ സഭകൾ അന്നുതന്നെ വലിയ അഭിപ്രായ ഭിന്നതകളിലൂടെയാണ് കടന്നുപോയത് .

### ആരിയൻ തർക്കം

എ.ഡി. 318-ഓടെ ഈ തർക്കം ഈജിപ്തിലെ

അലക്സാണ്ട്രിയയിൽ ആരംഭിക്കുകയും അതിവേഗം പടർന്നു വ്യാപിക്കുകയും ചെയ്തു.
പ്രസിദ്ധനായ ആരിയൂസ് എന്ന പുരോഹിതൻ (Arius), ഇസ്രായേലിന്റെ പരമ്പരാഗത ദൈവവിശ്വാസത്തിന്റെയും, ഗ്രീക്ക് തത്ത്വചിന്തകളുടെ പിൻബലത്തോടെയും, ക്രിസ്തുവിന്റെ ദൈവീകതയെ നിരാകരിക്കുകയും അതിലൂടെ ദൈവത്തിന്റെ ഏകത്വവും, താരതമ്യപ്പെടുത്താനാവാത്തതുമായ സ്വഭാവത്തെ സംരക്ഷിക്കാനാണ് താൻ ശ്രമിച്ചതെന്നും വാദിച്ചു.
അതിനാൽ ദൈവപുത്രൻ അനാദിമുതൽ ദൈവത്തോടൊപ്പം ഉണ്ടായിരുന്നില്ല; മറിച്ച്, അവൻ ദൈവത്തിന്റെ ആദ്യവും പരിപൂർണ്ണവുമായ സൃഷ്ടിയാണ്. അങ്ങനെ ദൈവപുത്രൻ ലോകസൃഷ്ടിക്കും, ദൈവ - മനുഷ്യ ബന്ധത്തിനുവേണ്ടി സൃഷ്ടാവായ ദൈവം ഉപയോഗിച്ച ഒരു മധ്യസ്ഥൻ മാത്രമാണെന്ന് ആരിയൂസ് പ്രസ്താവിച്ചു.
ആരിയൂസും അനുയായികളും ബൈബിളിലും തത്ത്വചിന്തയിലും അതീവ പ്രാവീണ്യമുള്ളവരായിരുന്നു.
അവർ, ക്രൈസ്തവ വിശ്വാസത്തെ അന്നത്തെ തത്ത്വചിന്തയുടെ മാനദണ്ഡങ്ങളോട് പൊരുത്തപ്പെടുത്താൻ ആഗ്രഹിച്ചു.
"ദൈവം മനുഷ്യനാകുന്നു" എന്ന ആശയം ബാലിശ്ശമായ ഒരു ആശയമായി അവർ കണ്ടു.
അതുപോലെ സമൂഹത്തിലെ സമകാലികരായ പല പണ്ഡിതന്മാരും ഈ ആശയത്തെ അംഗീകരിച്ചിരുന്നു.
എ.ഡി. 325-ലെ നൈസിയൻ കൗൺസിൽ ആരിയൂസ്, തന്റെ ഉപദേശങ്ങളെ

ഉപേക്ഷിക്കണമെന്നുള്ള അദ്ദേഹത്തിന്റെ ബിഷപ്പിന്റെ നിർദ്ദേശം നിരസിച്ചതോടെ, അഭിപ്രായ ഭിന്നത കൂടുതൽ വ്യാപിച്ചു. ഇതു കോൺസ്റ്റന്റൈൻ ചക്രവർത്തിയിൽ ആശങ്ക ജനിപ്പിക്കുകയും, ഇതിനെ ഒത്തുതീർക്കാൻ ഒരു സഭാഐക്യ കൗൺസിൽ (Ecumenical Council) വിളിക്കാനാവശ്യപ്പെടുകയും ചെയ്തു.

എ.ഡി. 325-ൽ, 250-ഓളം സഭാപിതാക്കൻമ്മാർ , അന്നത്തെ രാജകൊട്ടാരത്തിനു സമീപമുള്ള നൈസിയിൽ (ഇന്നത്തെ തുർക്കിയിലെ ഇസ്നിക്) കൂടി ചേർന്നു.

നൈസിയൻ സമ്മേളനത്തിന്റെ ഉൽഘാടനം കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെയും, റോമിലെ മാർപ്പാപ്പയുടെ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ നടന്നു. നിർഭാഗ്യവശാൽ, ആരിയൂസിന്റെ ഉപദേശങ്ങൾ നിരാകരിക്കപ്പെട്ടു.

ഈ കൗൺസിൽ, ക്രിസ്തുവിന്റെ ദൈവത്വത്തെ ശക്തമായി പ്രഖ്യാപിക്കുന്ന ഒരു വിശ്വാസപ്രഖ്യാപനം (Creed) തയ്യാറാകുകയും, ക്രൈസ്തവ സഭയുടെ ഔദ്യോഗിക നിർദ്ദേശമായി അംഗീകരിക്കുകയും ചെയ്തു. ഈ മഹാസഭയിലെ നിർണായകമായ തീരുമാനങ്ങൾ ക്രൈസ്തവ സഭയുടെ ഭാവിയെയും ഏകീകരണത്തിനായുള്ള പരിശ്രമങ്ങളെയും നിർവചിക്കുന്നതായിത്തീർന്നു.

## എന്താണ്  നമ്മൾ യേശുക്രിസ്തുവിനെക്കുറിച്ച് വിശ്വസിക്കുന്നത് ?

ഈ വിശ്വാസപ്രഘോഷണത്തിന്റെ (Creed) പ്രധാന ഭാഗം ഇതാണ്:
യേശുക്രിസ്തു, ദൈവപുത്രൻ, പിതാവിന്റെ സ്വഭാവത്തിൽനിന്ന് ജനിച്ചവൻ; ദൈവത്തിൽ നിന്നുള്ള ദൈവം, പ്രകാശത്തിൽ നിന്നുള്ള പ്രകാശം, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം; ജനിപ്പിക്കപ്പെട്ടവൻ, സൃഷ്ടിക്കപ്പെട്ടവനല്ല; പിതാവിനോട് ഏകസത്യസ്വഭാവമുള്ളവൻ.
"പിതാവിനോട് ഏകസത്യസ്വഭാവം" (wesensgleich, ὁμοούσιος) എന്ന ഈ വാക്യം നേരിട്ട് ബൈബിളിൽ നിന്നല്ല എടുത്തത്.
പകരം, ബൈബിളിലെ "ദൈവപുത്രൻ" എന്ന ആശയം ഒരു സാമാന്യ ഉപമയായ് മാത്രം കാണപ്പെടാതിരിക്കാൻ, ഗ്രീക്ക് തത്ത്വചിന്തയിലെ ഭാഷയും ആശയങ്ങളും ഉപയോഗിച്ചാണ് ഇത് രൂപപ്പെടുത്തിയിരിക്കുന്നത് .
നൈസിയൻ  സമ്മേളനത്തോടെ  (Council of Nicaea, 325) ആരിയൻ തർക്കം തീർത്തെങ്കിലും, ഈ വാദപ്രതിവാദങ്ങൾ തുടർന്ന് പല ദശകങ്ങളോളം തുടരുകയായിരുന്നു. എന്നിരുന്നാലും, ഈ കൗൺസിലിന്റെ തീരുമാനങ്ങൾ പിന്നീട് എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും ഒരു അടിത്തറയായി തുടരുകയും ഈ ഉപദേശങ്ങൾ വിശ്വാസത്തിന്റെ അവിഭാജ്യഘടകമാകുകയും ചെയ്തു.

## നൈസിയൻ തീരുമാനങ്ങൾ ക്രിസ്തീയജീവിതത്തെ നാളിതുവരെ എങ്ങനെ സ്വാധീനിക്കുന്നു

നിക്കാ സമ്മേളനത്തിൽ നടന്ന ഏകീകരണ ശ്രമങ്ങൾ വിശ്വാസഘോഷണത്തോടു മാത്രമല്ല, ഇന്നുവരെ നിലനിന്നുപോരുന്ന ചില മതപരമായ അനുഷ്ഠാനങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു.

1. തിരുന്നാളുകളുടെ തീയ്യതി നിർണ്ണയം

ഈ കൗൺസിലിൽ ഉയർപ്പുതിരുന്നാൾ (ഈസ്റ്റർ) വസന്തകാലത്തെ ആദ്യ പൂർണ്ണചന്ദ്രനുശേഷമുള്ള ഞായറാഴ്ച ആചരിക്കണമെന്ന് നിശ്ചയിച്ചു. ഇന്നും അതേ രീതിയിൽ കത്തോലിക്കരായ നമ്മൾ ഉയർപ്പുതിരുന്നാൾ ആഘോഷിക്കുന്നു. 2025-ൽ, ഓർത്തഡോക്സുസഭയും, കത്തോലിക്കാസഭയും ഒരേദിവസം ഈസ്റ്റർ ആഘോഷിക്കുന്നു എന്നത് സന്തോഷകരമാണ്.

2. പിറവിത്തിരുന്നാൾ - ഡിസംബർ 25 (ക്രിസ്തുമസ്സ്)

ഡിസംബർ 25-ന് ക്രിസ്തുമസ്സ് ആഘോഷിക്കാനുള്ള തീരുമാനത്തിൽ നൈസ്സയൻ കൗൺസിലിന് കോൺസ്റ്റന്റൈൻ ചക്രവർത്തിയുമായുള്ള ബന്ധം നിർണ്ണായകമായിരുന്നു. കോൺസ്റ്റന്റൈൻ തന്നെ ഈ ദിനം ആചരിക്കാൻ തീരുമാനിച്ചെന്നാണ് ചിലർ കരുതുന്നത്. ഈ ദിവസം, യേശുക്രിസ്തുവിന്റെ ദൈവത്വവും, മനുഷ്യത്വവും പ്രഖ്യാപിക്കുന്നതിന്റെ ബാഹ്യരൂപത്തിലുള്ള ആഘോഷം (external celebration of faith) എന്നതിലുപരി,

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനസത്യത്തെ അടയാളപ്പെടുത്തുന്ന ഒരു മഹോത്സവവുമാണ്.
2025-ൽ നൈസയൻ കൗൺസിലിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്നതിനാൽ,
എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഒരേ ദിവസം ഈശോയുടെ ഉയിർപ്പുതിരുന്നാൾ(ഈസ്റ്റർ) ആഘോഷിക്കാനുള്ള സംരംഭങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് ആഹ്വാനം ചെയ്യുന്നു.

## അസ്ഥിത്വത്തിലേക്ക് തിരിച്ചുപോകുക – ക്രിസ്തുവിലേയ്ക്ക് മടങ്ങുക

പ്രിയ സഹോദരങ്ങളേ,
ഇതുവരെ എനിക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ,
ഇന്നത്തെ നമ്മുടെ വിശ്വാസജീവിതത്തിൽ 1,700 വർഷം പഴക്കമുള്ള ഒരു സംഭവത്തെക്കുറിച്ച് ചിന്തിക്കുന്നത് എന്തുകൊണ്ട് പ്രസക്തമാണ് എന്ന ചോദ്യത്തിലും നിങ്ങൾക്ക് താല്പര്യമുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.
ഇത് വെറുമൊരു ചരിത്രപരമായ ആഘോഷം മാത്രമാണോ , അതോ അതിനതീതമായി ഇന്നത്തെ ക്രൈസ്തവർക്കും പ്രാധാന്യമുണ്ടോ എന്നതാണ് ചോദ്യം ?
അതിന് ഉത്തരം അതെ എന്നുതന്നെയാണ്.
വിശ്വാസികൾ എന്ന നിലയിൽ നാം നമ്മുടെ അസ്തിത്വത്തിലൂന്നി ജീവിക്കുന്നു.
അതുകൂടാതെ, അന്തസത്തയെ മനസ്സിലാക്കുമ്പോഴേ നമ്മുക്ക് നമ്മെത്തന്നെ അഥവാ നമ്മുടെ ആത്മീയതയെ ആഴങ്ങളിൽ ഗ്രഹിക്കാനാകൂ.

വ്യക്തിപരമായി തന്റെ വിശ്വാസത്തെ ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ തന്നേക്കുറിച്ചുള്ള തിരിച്ചറിവ്  വെറുമൊരു അനുഭവം മാത്രമല്ല, മറിച്ച് അതൊരു ആത്മീയ സമ്പത്താണ്.
പരിശുദ്ധ  ത്രിത്വം , തിരുസഭ, വീണ്ടെടുപ്പ്, പാപമോചനത്തിന്റെ ഗൗരവം, ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെതുമായ കല്പനകൾ  , പ്രാർത്ഥനയും പരിശുദ്ധ കുർബാനയും, വാഗ്ദത്തമായ നിത്യജീവിതം എന്നിവയെക്കുറിച്ച്  വിശ്വാസത്തോടെ ആഴത്തിൽ മനസിലാക്കുമ്പോൾ നമ്മുടെ വിശ്വാസജീവിതം കൂടുതൽ സമ്പന്നമാവുന്നു. എന്നാൽ, ക്രിസ്തുവിനെക്കുറിച്ചും, അവൻ ആരാണ്  എന്നതിൽ  നമ്മുടെ വിശ്വാസം കേന്ദ്രീകൃതമാകുമ്പോൾ, അത് ക്രിസ്തീയ ആത്മിയതയുടെ  കേന്ദ്രബിന്ദുവായിമാറുന്നു.

## ക്രിസ്തുവിശ്വാസം ഈ കാലഘട്ടത്തിൽ

2023-ൽ പ്രസിദ്ധീകരിച്ച സഭാ അംഗത്വ സർവേയുടെ ഫലങ്ങൾ ഞാൻ വലിയ ഉത്കണ്ഠയോടെയാണ് കാണുന്നത്. എന്തെന്നാൽ, “ദൈവം യേശുക്രിസ്തുവിലൂടെ നമ്മോട് സ്വയം വെളിപ്പെടുത്തിയിരിക്കുന്നു” എന്നതിനോട് ഐക്യപ്പെടുന്നവരുടെ ശതമാനം മുൻകാലത്തെ അപേക്ഷിച്ച് വ്യക്തമായും കുറയുന്നു.

കത്തോലിക്കാസഭാംഗങ്ങളിൽ ഇന്ന് വെറും 32% മാത്രമാണ് ഈ വാക്കുകളോട് യോജിക്കുന്നത്. ഇത് ആധുനിക മഹാനഗരവൽക്കരണത്തിന്റെ (secularization) സ്വഭാവഗതിയാണെന്നു കരുതാമെങ്കിലും, ഈ "ദൈവസങ്കല്പത്തിന്റെ ചോദനം " ക്രൈസ്തവ വിശ്വാസത്തിനുള്ളിൽ തന്നെ അവശേഷിക്കുന്ന ധാരാളം അടിസ്ഥാനസത്യങ്ങളെ കുറക്കുക മാത്രമല്ല, വ്യാപകമായി വിച്ഛേദിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിനെപ്പറ്റി നാം എല്ലാവരും ചോദിക്കേണ്ടതായ ഒരേ ഒരു ചോദ്യം, യേശുക്രിസ്തു യഥാർത്ഥത്തിൽ ആരായിരുന്നു? ഇന്ന്, അവൻ നമുക്കാരാണ്?

ഓരോ തലമുറയിലും ക്രൈസ്തവർ ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകേണ്ടതുണ്ട്.

യേശുവിനെ ഒരു ആത്മീയ ഗുരുവോ (Rabbi), പ്രവാചകനോ, മനുഷ്യ ചരിത്രത്തെ നിർണ്ണയിച്ച മഹാപുരുഷനോ ആയി മാത്രം കണക്കാക്കുന്നത് സഭയ്ക്കതീതമായി പൊതുജനങ്ങളിൽ ഇന്നും സ്വീകാര്യത നേടുന്ന ഒരു സമീപനമാണ്. നമുക്ക് ആവർത്തിച്ച് ലഭിക്കുന്ന ജനകീയ അഭിപ്രായ സർവേകളും ഇക്കാര്യത്തിൽ യേശുവിനോടുള്ള ആദരവും അംഗീകാരവും തുടർച്ചയായി നിലനിൽക്കുന്നു എന്നു കാണിക്കുന്നു.

എന്നാൽ, അതുമാത്രം മതിയാകുമോ?

യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാൾ ജീവിതകാലം മുഴുവൻ വിശ്വാസത്തിൽ നിലകൊള്ളാനും വിശ്വാസത്തോടെ മരിക്കാനും ഈ വിശ്വാസം മതിയാവുമോ?

അതു തന്നെയാണ് ഈ കാലഘട്ടത്തിൽ

# ക്രിസ്തീയവിശ്വാസം സംരക്ഷിക്കേണ്ടതിന്റെ ആത്യന്തികമായ ആവശ്യവും

## നമ്മുടെ രക്ഷയ്ക്കായി- മനുഷ്യർക്കായി, അനാദികാലം മുൻപേ പിതാവിൽ നിന്ന് ജനിച്ചവൻ

അലക്സാണ്ട്രിയയിലെ അത്തനാസിയൂസ് നാലാം നൂറ്റാണ്ടിലെ ബിഷപ്പുമാരിലും തത്ത്വചിന്തകരിലും ഏറ്റവും പ്രധാനപ്പെട്ട ഒരാളായി കണക്കാക്കപ്പെടുന്നു. നൈസയൻ കൗൺസിലിലെ (325 AD) വിശ്വാസപ്രഘോഷണം സംരക്ഷിക്കുന്നതിനായി,
അദ്ദേഹം രണ്ടു പ്രാവശ്യം ഈജിപ്തിൽ നിന്ന് റോമൻ സാമ്രാജ്യത്തിന്റെ അതിർത്തിയിലുള്ള ട്രിയറിലേക്ക് നാടുകടത്തപ്പെട്ടു. എന്നാൽ അവൻ തന്റെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുകയും, നൈസയൻ കൗൺസിലിന്റെ തീരുമാനത്തെ പിന്തുണയ്ക്കുന്നതിനായി മൂന്നു പ്രധാന കാരണങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

1. യേശു ദൈവമല്ലെങ്കിൽ, ദൈവത്തെ പൂർണ്ണമായി വെളിപ്പെടുത്താനാകില്ല
യേശുക്രിസ്തു ദൈവപുത്രൻ ആണെങ്കിൽ മാത്രമേ, അവൻ ദൈവത്തെ അതേ രീതിയിൽ നമുക്ക് വെളിപ്പെടുത്താനാവൂ. അല്ലാത്തപക്ഷം, അവൻ ഒരു പ്രവാചകനോ, ഒരു മധ്യസ്ഥനോ മാത്രം ആയിരിക്കും.
അവൻ ദൈവത്തെ കുറിച്ച് ചില കാര്യങ്ങൾ ബോധിപ്പിക്കാം, അങ്ങനെ എങ്കിൽ , ദൈവം തന്നെയായി നമ്മോട് അവന് ഒത്തുചേരാനാവില്ല.

2. ദൈവം തന്നെ മനുഷ്യനാവാതിരുന്നെങ്കിൽ, അവന്റെ ജീവിതം, പീഡാനുഭവം, മരണവും ഉയിർപ്പും ലോകത്തിൻറെ മോചനത്തിനും സ്വാതന്ത്ര്യത്തിനും ഉപകാരപ്പെടില്ലായിരുന്നു. ദൈവം തന്നെ മനുഷ്യനായി തീർന്നതിനാലാണ് യേശുവിന്റെ രക്ഷാകര ചരിത്രംവഴി ( ജനനം; പരസ്യജീവിതം ;പീഡാനുഭവം; കുരിശ്ശു മരണം; ഉത്ഥാനം ) മനുഷ്യരിൽ ഒരു യഥാർത്ഥ മോചനം കൊണ്ടുവന്നത്. അല്ലായിരുന്നെങ്കിൽ, നമ്മുടെ പാപത്തെയും ബലഹീനതകളെയും വേരോടെ ഉമ്മൂലനംചെയ്യാൻ പ്രാപ്തിയുള്ള ഒരു ദൈവബന്ധം നമ്മുക്ക് സാധ്യമാകുമായിരുന്നില്ല.

3. യേശു ദൈവപുത്രനല്ലെങ്കിൽ, അവനെ ആരാധിക്കുന്നത് വിഗ്രഹാരാധനയായി തീരും പിതാവിന്റെ സഹജമായ പുത്രനല്ലെങ്കിൽ, നാം യേശുവിനോട് പ്രാർത്ഥിക്കുന്നതും അവന്റെ മുൻപിൽ കുമ്പിട്ട് നമസ്കരിക്കുന്നതും വ്യർത്ഥം മാത്രം അല്ല, മറിച്ച് വിഗ്രഹാരാധന (idolatry) കൂടിയാകും. മാത്രമല്ല അവനോടുള്ള പ്രാർത്ഥനകളും, വിശുദ്ധബലിയിൽ അവനെ വിളിച്ചപേക്ഷിക്കുന്നതും കേവലം നമ്മുടെ മനസിന് ഉന്മേഷവും, ആത്മശാന്തിയും നൽകുന്ന ഒരു ജല്പനം മാത്രമാകും. അതേസമയം, അവൻ യഥാർത്ഥ ദൈവപുത്രനാണ് എന്നു നമ്മൾ വിശ്വസിക്കുന്നതിനാൽ, ദൈവത്തോടുള്ള യഥാർത്ഥബന്ധം അവനോടുള്ള പ്രാർത്ഥനയിലൂടെ നമ്മിൽ സംഭവിക്കുന്നു.

അനുബന്ധ ചർച്ചകളും, വാദങ്ങളും

അത്തനാസിയോസിന്റെ ഈ വാദങ്ങൾ ഇന്നും ഏറെ ശക്തവും പ്രബലവുമാണ്.

ക്രിസ്തുവിന്റെ സത്യസമ്പൂർണ്ണതയും

ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിന്റെ യാഥാർത്ഥ്യവും ഇവ അസാധ്യമായി സംരക്ഷിക്കുന്നു

## സിനഡാലിറ്റി സംസ്കാരവും ഐക്യദാർഢ്യത്തിലൂടെയുള്ള ക്രിസ്തീയ സാക്ഷ്യവും

നമ്മുടെ രക്ഷകന്റെ സ്വഭാവവും ഉത്ഭവവും സംബന്ധിച്ച അന്നത്തെ അത്യന്താപേക്ഷിതമായ ചോദ്യത്തിന് പുറമേ, നൈസയൻ കൗൺസിലിനെക്കുറിച്ചുള്ള അവലോകനങ്ങൾ മറ്റു കാരണങ്ങൾ കൊണ്ടും പ്രസക്തമാണ്. ഉരിത്തിരിഞ്ഞ പ്രധാന നിരീക്ഷണങ്ങൾ

1 . സഭാ ചരിത്രത്തിൽ ക്രിസ്തീയ വിശ്വാസത്തിലെ ആധികാരികമായ ചോദ്യങ്ങളും,
ഉറച്ച നിലപാടുകളും, കാലാനുസൃതമായി സഭയുടെ ദിശയെയും സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ തുടർച്ചയായി ഉണ്ടായിട്ടുണ്ടെന്നുള്ള സത്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

2 . വാദങ്ങളും ചർച്ചകളും സഭയുടെ ചരിത്രത്തിൽ ഇന്നും ഉണ്ടായിരിക്കുന്നു. അതുകൊണ്ടു തന്നെ, വിശ്വാസത്തിന്റെ ആഴവും വിപുലതയും വർദ്ധിപ്പിക്കാനും, അതേ സമയം സഭയുടെ ഐക്യത്തെ സംരക്ഷിക്കാനോ, അല്ലെങ്കിൽ നഷ്ടപ്പെട്ടത് വീണ്ടെടുക്കാനോ, സിനഡാലിറ്റി എന്ന സമീപനം (Synodality) നാം ശ്രദ്ധയോടെ ഏറ്റെടുത്ത് മുന്നോട്ട്

കൊണ്ടുപോകേണ്ടതുണ്ട്.
2021-2024 ആഗോള സിനഡിന്റെ പ്രസക്തി
2021 മുതൽ 2024 വരെയുള്ള ആഗോള സഭാ സിനഡിൽ "സിനഡാലിറ്റി" എന്ന ആശയം ഏറ്റെടുക്കുകയും, അതിന്റെ പ്രായോഗിക വ്യാപനം എല്ലാ തലങ്ങളിലും ഉറപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.
ഇത് സഭാ ചരിത്രത്തിൽ ദീർഘകാലമായി നിലനിന്ന ഒരു നല്ല പാരമ്പര്യത്തിന്റെ ഭാഗമാണ്.
അന്നത്തെ റോമൻ ചക്രവർത്തിക്ക് പ്രധാനമായും ആശങ്ക ഉണ്ടായിരുന്നത്,
യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിശ്വാസപ്രഘോഷണം സഭയെ വിഭജിക്കാൻ ഇടയാകരുത് എന്നതായിരുന്നു. അതിനാൽ, ഇന്ന് പോലും ക്രിസ്തീയ സഭകളോട് ഒരുമിക്കാനുള്ള ആഹ്വാനം അപഗ്രഹപൂർവമാണെന്നു കരുതാനാകില്ല. കാരണം വ്യത്യാസങ്ങൾക്കപ്പുറം ക്രിസ്ത്യാനികളുടെ ഐക്യം ഇന്നത്തെ ലോകത്തിനും, സാമൂഹിക രാഷ്ട്രീയ നേതാക്കൾക്കും ഏറ്റവും ശക്തമായ സാക്ഷ്യമാണ്.
ക്രിസ്തീയ ഐക്യവും സമൂഹത്തിന്റെ പ്രതീക്ഷയും ഈശോ തന്നെയല്ലേ "അവരെല്ലാവരും ഒന്നായിരിക്കുവാനും ,..........
അങ്ങനെ അവിടുന്നെന്നെ അയച്ചുവെന്നു ലോകം വിശ്വസിക്കാനും " (യോഹന്നാൻ 17,21) എന്നു പ്രാർത്ഥിച്ചത്?
ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ നേതൃത്വത്തോട് ഇടപെഴുകുമ്പോൾ അവരുടെ സംസാരങ്ങളിൽ ഞാൻ പലപ്പോഴും ശ്രദ്ധിക്കാറുള്ള ഒരു വസ്തുതയാണിത്. അവർ വ്യക്തിപരമായി വിശ്വസിക്കുന്നില്ല എങ്കിൽ തന്നെയും നമ്മൾ ക്രിസ്ത്യാനികൾ സമൂഹത്തിൽ നീതിക്കും , ഐക്യത്തിനും അതുപോലെ മറ്റെല്ലാ

അടിസ്ഥാനമൂല്യങ്ങൾ സംരക്ഷിക്കാൻ ഒരുമിച്ച് പ്രവർത്തിക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു. അതിനാൽ, നമ്മുടെ ആത്മീയ ഐക്യത്തിനും ദൃശ്യമായ ക്രിസ്തീയ ഏകീകരണത്തിനും വേണ്ടി നാം ശ്രമിക്കുന്നത് വളരെ പ്രധാനവും അനിവാര്യവുമാണ്.

## വിശ്വാസത്തിന്റെ സൗന്ദര്യവും, അതിന്റെ അർത്ഥവത്തായ ഏകീകരണവും

പ്രിയ സഹോദരങ്ങളേ,
നമ്മുടെ കാലഘട്ടത്തിൽ ക്രിസ്തീയ വിശ്വാസത്തിനും സഭാ ജീവിതത്തിനും വേണ്ടി നിങ്ങൾ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും, എല്ലാ വ്യക്തിപരമായ സാക്ഷ്യങ്ങൾക്കും ഞാൻ ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ഈ ജൂബിലി വർഷത്തിൽ, നിങ്ങൾ യേശുക്രിസ്തുവിലേക്കുള്ള നിങ്ങളുടെ വിശ്വാസത്തെ വ്യക്തിപരമായും സമൂഹപരമായും ഗൗരവത്തോടെ പരിശോധിക്കേണ്ടതുണ്ട് എന്നു ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു . യേശുക്രിസ്തു നിങ്ങൾക്ക് എന്ത് അർത്ഥമാക്കുന്നു? വിശ്വാസപ്രഘോഷണത്തിലെ വാക്യങ്ങളെ നിങ്ങൾ എങ്ങനെയാണ് ജീവദായകമാക്കുന്നത്, പ്രസക്തമാക്കുന്നത്? നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, യേശുവുമായി എങ്ങനെ സംവദിക്കുന്നു? ഞാൻ "ക്രെഡോ" (വിശ്വാസപ്രഘോഷണം) ഉച്ചരിക്കുമ്പോൾ,

വിശ്വാസത്തിന്റെ ആഴത്തിലുള്ള സൗന്ദര്യവും ഏകീകരണവും മാത്രമല്ല, അത് എന്നെ ദൈവത്തിന്റെ മഹത്വത്തിലേക്കും ആരാധനയിലേക്കും ഉയർത്തുകയും ചെയ്യുന്നു.
“നൈസയൻ വിശ്വാസപ്രഘോഷണം” (Nizänisches Glaubensbekenntnis) ഒരു ദൈവസ്തുതിയായിട്ടാണ് രചിക്കപ്പെട്ടിരിക്കുന്നതും, അതിനാൽ അത് കൂടുതലായി പാടിക്കൊണ്ടാണ് ഉച്ചരിക്കപ്പെടുന്നത്. കാരണം, ജീവോന്മുഖമായ നമ്മുടെ വിശ്വാസം തന്നെയാണ് നമ്മുടെ ആരാധനയുടെ അടിസ്ഥാനരൂപവും .

പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങൾ എല്ലാവരിലും ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ആമേൻ.

ലിംബുർഗ് രൂപതയുടെ മെത്രാൻ

# വലിയ വിശ്വാസപ്രമാണം അഥവാ നിഖ്യാ-കോൺസ്റ്റേന്റിനോപ്പിൾ വിശ്വാസപ്രമാണം

സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.
ദൃശ്യവും അദൃശ്യവുമായ സകലത്തിന്റേയും സ്രൃഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു.
ദൈവത്തിന്റെ ഏകപുത്രനും സകലസൃഷ്ടികൾക്കും മമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാംമുമ്പു പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമ്മുക്കുവേണ്ടിയും നമ്മുടെ രക്ഷക്കുവേണ്ടിയും അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ, കന്യാകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ചു മനുഷ്യനായിപ്പിറന്നു.

# ഇടയലേഖനം

പന്തിയോസ് പീലാത്തോസിന്‍റെ കാലത്ത് പീഡകൾ സഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. അവിടുന്നു സ്വർഗ്ഗത്തിലേയ്ക്ക് എഴുന്നള്ളി പിതാവിന്‍റെ വലത്തുഭാഗത്തിരിക്കുന്നു. മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കാൻ അവിടുന്നു വീണ്ടും വരാനിരിക്കുന്നു. പിതാവിൽനിന്നും - പുത്രനിൽനിന്നും - പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏകപരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏകമാമോദീസായും ശരീരത്തിന്‍റെ ഉയിർപ്പും നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

# EINLADUNG ZUM GEBET

1. Christus, göttlicher Herr,dich
liebt, wer nur Kraft hat zu lieben:
unbewusst, wer dich nicht kennt;
sehnsuchtsvoll, wer um dich weiß.


2. Christus, du bist meine Hoffnung, mein
Friede, mein Glück, all mein Leben:
Christus, dir neigt sich mein Geist;
Christus, dich bete ich an.

3. Christus, an dir halt ich fest mit der
ganzen Kraft meiner Seele:
dich, Herr, lieb ich allein,
suche dich, folge dir nach.

T: Stundenbuch nach „Christe Deus, vitae verae fabricator", Alphanus von Salerno (+1085)




T: Stundenbuch nach „Christe Deus, vitae verae fabricator",
Alphanus von Salerno (+1085), M: Barbara Kolberg 2008



Übersetzung der Ausgabe:
„GOTTES SOHN – MENSCH FÜR UNS“
HIRTENWORT
zur Österlichen Bußzeit 2025
von Dr. Georg Bätzing, Bischof von Limburg